കാരുണ്യ ഡയാലിസിസ് സെന്ററുകൾ

185 (2423) ശ്രീ. ആർ. സെൽവരാജ് :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) കാരുണ്യ ചികിത്സാ ധനസഹായ പദ്ധതിയുടെ ഭാഗമായി കാരുണ്യ ഡയാലിസിസ് സെന്റർ പ്രവർത്തനത്തിന് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ ;

(ബി) പ്രസ്തുത സെന്ററുകളുടെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തനരീതിയും എന്തൊക്കെയാണ് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) വൃക്കരോഗികൾക്ക് കൂടുതൽ ചികിത്സാ സൗകര്യം ലഭ്യമാക്കുന്നതിന് എന്തെല്ലാം സൗകര്യങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത് ;

(ഡി) ഏതെല്ലാംതരം ആശുപത്രികളിലാണ് കാരുണ്യ ഡയാലിസിസ് സെന്ററുകൾ പ്രവർത്തിക്കുന്നത് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, കോഴിക്കോട് എന്നീ 5 സർക്കാർ മെഡിക്കൽ കോളേജുകളിൽ 10 മെഷീനുകൾ വീതമുള്ള കാരുണ്യ ഡയാലിസിസ് സെന്ററുകൾ സ്ഥാപിക്കാൻ അനുമതി നൽകിയിട്ടുണ്ട്. തിരുവനന്തപുരം മെഡിക്കൽ കോളേജിൽ കാരുണ്യ ഡയാലിസിസ് യൂണിറ്റിന്റെ പ്രവർത്തനം 11-7-2013 മുതൽ പൂർണ്ണമായ രീതിയിൽ ആരംഭിച്ചിട്ടുണ്ട്. വൃക്കരോഗികൾക്ക് യഥാസമയം ഡയാലിസിസ് ലഭ്യമാക്കുന്നതിന് പദ്ധതി വ്യവസ്ഥകളും നിരക്കുകളും അനുസരിച്ച് ചികിത്സ നൽകാനായി സംസ്ഥാനത്തെ 31 സ്വകാര്യ ഡയാലിസിസ് സെന്ററുകൾക്ക് അംഗീകാരം നൽകുകയും അവയിൽ 27 എണ്ണം പ്രവർത്തനക്ഷമവുമാണ്.

കാരുണ്യ ബെനവലന്റ് ഫണ്ടിന്റെ സഹായത്തോടെ സംസ്ഥാനത്തെ 27 ജില്ല/താലൂക്ക് സർക്കാർ ആശുപത്രികളിൽകൂടി സംസ്ഥാന ആരോഗ്യവകുപ്പ് ഡയാലിസിസ് സെന്ററുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala.Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

(ബി&സി) 1. കാരുണ്യ ബെനവലന്റ് ഫണ്ടിൽ നിന്നും ധനസഹായം അനുവദിച്ച ഭൂരിപക്ഷം വൃക്കരോഗികൾക്കും തുടർച്ചയായി ഡയാലിസിസ് നടത്തികൊടുക്കാൻ ആശുപത്രികൾക്ക് കഴിയുന്നില്ലെന്നും പല സർക്കാരാശുപത്രികളിലും സ്ഥല സൗകര്യവും, വിദഗ്ധ ഡോക്ടർമാരും ഉണ്ടെങ്കിലും ആവശ്യമായ ഡയാലിസിസ് മെഷീനുകൾ ഇല്ലാത്തതിനാൽ സാധാരണക്കാർ സ്വകാര്യ ആശുപത്രികളെ ആശ്രയിക്കുന്നുവെന്നും പദ്ധതി അവലോകന യോഗത്തിൽ ബോദ്ധ്യമായതിന്റെ അടിസ്ഥാനത്തിലാണ് വൃക്കരോഗികളുടെ ചികിത്സാ ധനസഹായ തുക മുൻകൂറായി ലഭ്യമാക്കി സർക്കാർ ആശുപത്രികളിൽ ഡയാലിസിസ് സെന്ററുകൾ തുടങ്ങാൻ തീരുമാനിച്ചത്. ഈ സ്കീമിൽ നിന്നും ധനസഹായത്തോടെ കാരുണ്യ സെന്ററുകളിൽ ചികിത്സ തേടുന്ന ഗുണഭോക്താക്കൾക്ക് കുടുംബത്തിന് പരമാവധി അനുഭവിക്കാവുന്ന 2 ലക്ഷം രൂപ എന്ന പരിധിയിൽ.

2. ഒരു ഡയാലിസിസ് 650 രൂപ നിരക്കിൽ തുക മുൻകൂറായി ആശുപത്രിയിലേക്ക് നൽകുന്നതാണ്.

3. ഡയാലിസിസിന് ചികിത്സാ പാക്കേജിൽ നിശ്ചയിച്ചിട്ടുള്ള 650 രൂപ നിരക്ക് ഒരു പൊതുനിരക്കായി നിശ്ചയിക്കുവാനും രോഗിക്ക് രോഗാവസ്ഥയുടെ തോതനുസരിച്ച് നൽകേണ്ട എർത്രോപൊയിറ്റൺ മരുന്നുകൾ കെ.എം.എസ്.സി.എൽ. മാർക്കറ്റ് വിലയിൽ നിന്ന് കുറഞ്ഞ നിരക്കിൽ ആശുപത്രികളിൽ ലഭ്യമാക്കുവാനും ഇതനുസരിച്ച് കാരുണ്യ ബെനവലന്റ് ഫണ്ടിൽ നിന്ന് ധനസഹായം നൽകുമ്പോൾ ഡയാലിസിസിനുള്ള തുക മാത്രം ആശുപത്രികൾക്ക് നൽകാനും മരുന്നിന്റെ വില കെ.എം.സി.എൽ-ന് നൽകുവാനും തീരുമാനിച്ചിട്ടുണ്ട്.

4. രോഗികൾക്ക് കുറഞ്ഞ നിരക്കിൽ ഡയാലിസിസ് ചെയ്യുന്നതിനുള്ള കൂടുതൽ സൗകര്യം സർക്കാർ ആശുപത്രികളിൽ ലഭ്യമാകും.

5. കാരുണ്യ മുഖേനയുള്ള സൗജന്യ ഡയാലിസിസിനുശേഷം ഈ പദ്ധതിയിലെ ഗുണഭോക്താക്കൾക്ക് സ്വന്തം ചെലവിൽ പ്രസ്തുത സെന്ററിൽ ഡയാലിസിസ് ചെയ്യുമ്പോൾ ആശുപത്രിയിൽ സാധാരണ ഈടാക്കുന്ന നിരക്കിൽ നിന്നും കുറഞ്ഞത് 10 ശതമാനം കുറവിൽ ഡയാലിസിസ് ചെയ്യാൻ സൗകര്യം ലഭിക്കും.

6. ഡയാലിസിസിന് സെന്ററുകൾ സ്ഥാപിക്കുന്നതിനുള്ള ചുമതല സർക്കാർ സ്ഥാപനമായ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനാണ് നൽകിയിട്ടുള്ളത്. ഇതു സംബന്ധിച്ചുള്ള ധാരണാപത്രം കാരുണ്യ ബെനവലന്റ് ഫണ്ട് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ, ബന്ധപ്പെട്ട ആശുപത്രി എന്നിവരുമായി ഒപ്പിട്ടുന്നു.

കാരുണ്യ ഡയാലിസിസ് സെന്ററിന്റെ പ്രവർത്തനം:

1. 10 ഡയാലിസിസ് മെഷീനുകളുള്ളതാണ് ഒരു യൂണിറ്റ്.
2. മൂന്ന് ഷിഫ്റ്റായി പ്രവർത്തിക്കും.
3. ഒരു ഷിഫ്റ്റിൽ 10 രോഗികൾ വീതം ഒരു ദിവസം 30 പേർക്ക് ഡയാലിസിസ് നൽകും.
4. ഒരു ആഴ്ച ഒരു രോഗിക്ക് ശരാശരി 2 ഡയാലിസിസ് വീതം 2 ലക്ഷം രൂപ ഉപയോഗിച്ച് കുറഞ്ഞത് 121 ആഴ്ച ഡയാലിസിസ് നൽകും.
5. ഡയാലിസിസിന്റെ ഭാഗമായി വരുന്ന പരിശോധനകളും ചികിത്സകളും ബന്ധപ്പെട്ട ആശുപത്രിയിൽ നിന്നും സൗജന്യമായി നൽകുന്നതാണ്.
6. കാരുണ്യ ഡയാലിസിസ് സെന്ററിന്റെ പ്രവർത്തനം പൂർണ്ണമായും ബന്ധപ്പെട്ട ആശുപത്രിയുടെ നിയന്ത്രണത്തിലായിരിക്കും.
7. കാരുണ്യ ബെനവലന്റ് ഫണ്ടിൽ നിന്നും ചികിത്സാ ധനസഹായം അനുവദിക്കുന്ന രോഗികളുടെ അഭാവത്തിൽ മാത്രമേ മറ്റു രോഗികളെ ഡയാലിസിസിനായി ഈ സെന്ററുകളിൽ പരിഗണിക്കുകയുള്ളൂ.
8. കൂടുതൽ രോഗികൾക്ക് ധനസഹായം അനുവദിക്കുന്ന മുറയ്ക്ക് മറ്റ് രോഗികളെ ഒഴിവാക്കും
9. കാരുണ്യ ബെനവലന്റ് ഫണ്ടിൽ നിന്നും ചികിത്സാ ധനസഹായം നൽകുന്ന 90 രോഗികളുടെ ഡയാലിസിസ് തീരുന്ന മുറയ്ക്ക് അല്ലെങ്കിൽ രണ്ടരവർഷം കഴിയുമ്പോൾ ഡയാലിസിസ് സെന്ററിന്റെ ഉടമസ്ഥാവകാശം ബന്ധപ്പെട്ട ആശുപത്രിക്ക് കൈമാറുന്നതാണ്.
10. ഡയാലിസിസ് സെന്ററിന്റെ ഉടമസ്ഥാവകാശം ബന്ധപ്പെട്ട ആശുപത്രിക്ക് കൈമാറിയശേഷവും കാരുണ്യബെനവലന്റ് ഫണ്ടിൽ നിന്നും പുതിയ ഗുണഭോക്താക്കൾക്ക് ഈ സെന്ററുകളിൽ ഡയാലിസിസ് നടത്തുന്നതിനായി തുക അനുവദിക്കും

(ഡി) ചികിത്സാ സൗകര്യമുള്ള സർക്കാർ ആശുപത്രികൾ, അക്രെഡിറ്റഡ് സഹകാര്യ ആശുപത്രികൾ എന്നിവിടങ്ങളിൽ ഡയാലിസിസ് സെന്റർ പ്രവർത്തിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly